ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.08.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. എൺപതാം സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്കൊരുങ്ങി രാജ്യം. രാഷ്ട്രപതി ദ്രൗപദി മുർമു നാളെ രാത്രി 7 ന് രാഷ്ട്രത്തെ അഭിസംബോധന ചെയ്യും.

   **India is gearing up for the 80th Independence Day celebrations. President Droupadi Murmu will address the nation tomorrow at 7 p.m.**

2. വർഷകാലസമ്മേളനം പൂർത്തിയാക്കി പാർലമെൻറിൻറെ ഇരുസഭകളും അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു. സമ്മേളന കാലയളവിൽ 12 ബില്ലുകൾ സഭ പാസ്സാക്കി.

   **Both Houses of Parliament have been adjourned sine die after completing the Monsoon Session. The House passed 12 Bills during the session.**

3. പാർലമെന്റ് ഇന്ന് പാസാക്കിയ ഖനി-ധാതു ഭേദഗതി ബിൽ ഒരു സംസ്ഥാനത്തിന്റെയും അവകാശങ്ങൾ കവർന്നെടുക്കില്ലെന്ന് കേന്ദ്ര മന്ത്രി ജി. കിഷൻ റെഡ്ഡി. ബില്ലിന്മേലുള്ള കേരളത്തിൻറെ എതിർപ്പ് കേന്ദ്രത്തെ അറിയിക്കുമെന്ന് സംസ്ഥാന സർക്കാർ.

   **Union Minister G. Kishan Reddy said the Mines and Minerals Amendment Bill passed by Parliament today will not take away the rights of any state. The State Government said it would convey Kerala's opposition to the Bill to the Centre.**

4. മുണ്ടക്കൈ-ചൂരൽമല പുനഃരധിവാസ പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും രണ്ട് ലക്ഷം രൂപ വീതം ധനസഹായം നൽകാൻ സംസ്ഥാന മന്ത്രിസഭാ യോഗത്തിൽ തീരുമാനം.

   **The State Cabinet has decided to provide financial assistance of two lakh rupees each to all those included in the Mundakkai-Chooralmala rehabilitation list.**

5. ഡൽഹി ചുവപ്പ് കോട്ടയിൽ 11 പേരുടെ മരണത്തിന് ഇടയാക്കിയ കാർ ബോംബ് സ്ഫോടനത്തിന് പിന്നിൽ അൽ ഖ്വെയ്ദ ആണെന്ന് യുഎൻ രക്ഷാസമിതി.

   **A terrorism monitoring team of the United Nations Security Council (UNSC) has declared the deadly Red Fort suicide car bombing in Delhi that killed 11 people the work of Al-Qaida in the Indian Subcontinent.**

6. കോമൺവെൽത്ത് ഫെൻസിംഗ് ചാമ്പ്യൻഷിപ്പിൽ 35 മെഡലുകളുമായി ഓവറോൾ കിരീടം സ്വന്തമാക്കി ഇന്ത്യ.

   **India clinched the overall title at the Commonwealth Fencing Championships with a tally of 35 medals.**

7.

*******************************

## INDEPENDENCE DAY

എൺപതാമത് സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്കൊരുങ്ങി രാജ്യം. രാഷ്ട്രപതി ദ്രൗപദി മുർമു നാളെ രാത്രി 7 മണിക്ക് രാഷ്ട്രത്തെ അഭിസംബോധന ചെയ്യും. സ്വാതന്ത്ര്യ ദിനമായ മറ്റന്നാൾ ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ നടക്കുന്ന ആഘോഷപരിപാടികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നേതൃത്വം നൽകും. ചുവപ്പ് കോട്ടയിൽ ദേശീയപതാക ഉയർത്തിയശേഷം അദ്ദേഹം രാജ്യത്തെ അഭിസംബോധന ചെയ്യും. യുവശക്തിക്കും, ദേശീയഗീതമായ വന്ദേമാതരത്തിനുമാണ് സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ ഇത്തവണ പ്രാധാന്യം നൽകുന്നത്. ചുവപ്പ്കോട്ടയിൽ ഇക്കുറി ആദ്യമായി വന്ദേമാതരം ആലപിക്കുമെന്ന പ്രത്യേകതയും ഇക്കുറിയുണ്ട്. ആഘോഷ പരിപാടിയുടെ ഫുൾഡ്രസ് റിഹേഴ്സൽ ഇന്ന് നടന്നു. സ്വാതന്ത്യ ദിനാഘോഷങ്ങളോടനു

ബന്ധിച്ച് രാജ്യമെമ്പാടും ശക്തമായ സുരക്ഷാ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ഹർഘർ തിരംഗയുടെ ഭാഗമായ തിരംഗയാത്രകളും, ദേശസ്നേഹം ഉണർത്തുന്ന മറ്റ് പരിപാടികളും രാജ്യത്ത് പുരോഗമിക്കുകയാണ്.

******************************

## SHAH-FLAG HOISTING

ഹർ ഘർ തിരംഗ' പ്രചാരണത്തിന്റെ ഭാഗമായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ന്യൂഡൽഹിയിലെ ഔദ്യോഗിക വസതിയിൽ ത്രിവർണ്ണ പതാക ഉയർത്തി. ഓരോ ഇന്ത്യക്കാരൻറെയും ഹൃദയത്തിൽ ദേശസ്നേഹവും അഭിമാനബോധവും വർദ്ധിപ്പിക്കാൻ ഹർഘർ തിരംഗയിലൂടെ സാധിച്ചതായി അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. കേന്ദ്ര മന്ത്രിമാരായ ജെ.പി. നഡ്ഡ, എസ്. ജയശങ്കർ തുടങ്ങിയവരും ത്രിവർണ്ണ പതാക ഉയർത്തി പ്രചാരണ പരിപാടിയുടെ ഭാഗമായി.

******************************

## REV. LS - RS - SINE DIE

വർഷകാലസമ്മേളനം പൂർത്തിയാക്കി പാർലമെൻറിൻറെ ഇരുസഭകളും അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു. ജൂലൈ 20 ന് ആരംഭിച്ച സമ്മേളന കാലയളവിൽ 19 ദിവസമാണ് സഭ ചേർന്നത്. പൊതുപരീക്ഷ ക്രമക്കേട് തടയുന്നതിനുള്ള ഭേദഗതി ബിൽ, വന്ദേമാതരത്തെ അപമാനിക്കുന്നത് ശിക്ഷാർഹമാക്കുന്ന ഭേദഗതി ബിൽ, കേരളം പുനർനാമകരണ ബിൽ തുടങ്ങി സുപ്രധാന ബില്ലുകൾ പാർലമെൻറ് പാസ്സാക്കി. വിദേശ സംഭാവന നിയന്ത്രണ ബിൽ സംയുക്ത പാർലമെൻററി സമിതിയ്ക്ക് വിടുന്നത് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾക്കും സഭ വേദിയായി. എന്നാൽ നീറ്റ് വിദ്യാർത്ഥി പ്രതിഷേധം, അയോധ്യ രാമക്ഷേത്രത്തിലെ സംഭാവന ക്രമക്കേട് തുടങ്ങിയ വിഷയങ്ങളിലെ പ്രതിപക്ഷ പ്രതിഷേധത്താൽ സമ്മേളന കാലയളവിലുടനീളം പാർലമെൻറ് പ്രക്ഷുബ്ധമായിരുന്നു.

******************************

## RIJIJU - PARLIAMENT (INTRO)

വർഷകാല സമ്മേളനത്തിൽ, പാർലമെൻററിലെ ചർച്ചകളിൽ നിന്ന് പ്രതിപക്ഷം ഓടിയൊളിക്കുകയായിരുന്നുവെന്ന് കേന്ദ്ര പാർലമെൻററി കാര്യ മന്ത്രി കിരൺ റിജിജു. ചർച്ചകൾക്ക് സർക്കാർ തയാറായിരുന്നെന്നും അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. സമ്മേളന കാലയളവിൽ 12 ബില്ലുകൾ പാസാക്കിയെങ്കിലും, അതിലൊന്നിൽ മാത്രമാണ് ഇരുസഭകളിലും ചർച്ച നടന്നത്. ലോക്സഭ 19 ശതമാനവും, രാജ്യസഭ 39 ശതമാനവും മാത്രം പ്രവർത്തനക്ഷമതയാണ് വർഷകാല സമ്മേളനത്തിൽ കാഴ്ചവച്ചതെന്നും അദ്ദേഹം അറിയിച്ചു.

**(വോയിസ്....)**

******************************

## REDDY-MMDR BILL

പാർലമെന്റ് ഇന്ന് പാസാക്കിയ ഖനി-ധാതു ഭേദഗതി ബിൽ ഒരു സംസ്ഥാനത്തിന്റെയും അവകാശങ്ങൾ കവർന്നെടുക്കില്ലെന്നും, സംസ്ഥാനങ്ങളുടെ വരുമാന ഘടനയെ ബാധിക്കില്ലെന്നും കേന്ദ്ര കൽക്കരി-ഖനി മന്ത്രി ജി. കിഷൻ റെഡ്ഡി. പ്രധാന ധാതുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുകയാണ് ഭേദഗതിയുടെ ലക്ഷ്യമെന്നും അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. ഖനന മേഖലയിൽ കൂടുതൽ നിക്ഷേപവും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനായി സംയോജിത സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചു വരുന്നത്. ഖനന മേഖലയിൽ നിന്നുള്ള സംസ്ഥാനങ്ങളുടെ വരുമാന വിഹിതം 65 ശതമാനത്തിൽ നിന്ന് 85 ശതമാനമായി വർദ്ധിച്ചിട്ടുണ്ടെന്നും ശ്രീ കിഷൻ റെഡ്ഡി വ്യക്തമാക്കി. അതേസമയം ഖനി, ധാതു ഭേദഗതി ബില്ലിനെതിരായ കേരളത്തിൻറെ പ്രതിഷേധം കേന്ദ്ര സർക്കാരിനെ അറിയിക്കുമെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ പറഞ്ഞു.

******************************

## KERALAM CABINET

മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പുന:രധിവാസ പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും രണ്ട് ലക്ഷം രൂപ വീതം ധനസഹായം നൽകാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചതായി മുഖ്യമന്ത്രി വി ഡി സതീശൻ. പ്രധാൻ മന്ത്രി ആവാസ് യോജന അർബൻ 2.0 പദ്ധതി നടപ്പാക്കുന്നതിനായി ധാരണാപത്രം ഒപ്പിടാനും മന്ത്രിസഭാ യോഗത്തിൽ തീരുമാനമായി. കണ്ണൂരിൽ രക്ഷാപ്രവർത്തനത്തിനിടെ മരിച്ച തിരുവനന്തപുരം സ്വദേശി രാജേഷിന്റെ കുടുംബത്തിന് പുതിയ വീട് നിർമിച്ച് നൽകുമെന്നും, നഷ്ടപരിഹാരവും കുടുംബത്തിലെ ഒരാൾക്ക് ജോലിയും നൽകുന്നതിൽ ഉചിതമായ തീരുമാനം എടുക്കുമെന്നും മുഖ്യമന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു. കടലിൽ കാണാതാകുന്ന മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തുന്നതിനായി പുതിയ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജർ അടിയന്തരമായി തയ്യാറാക്കാൻ ഫിഷറീസ് വകുപ്പിന് നിർദേശം നൽകിയിട്ടുണ്ട്.

*****************************

## PREZ- SANGEET AWARDS (intro)

2024, 2025 വർഷങ്ങളിലെ സംഗീത നാടക അക്കാദമി ഫെലോഷിപ്പുകളും പുരസ്കാരങ്ങളും രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ വിതരണം ചെയ്തു. സംഗീതം, നൃത്തം, നാടകം, നാടോടി-ഗോത്രകലകൾ തുടങ്ങിയവയിലെ മികച്ച സംഭാവനകൾ മാനിച്ചാണ് നൂറിലേറെ കലാകാരന്മാർക്ക് പുരസ്കാരങ്ങൾ സമ്മാനിച്ചത്. ആധുനിക ഇന്ത്യയുടെ പ്രതിഭാശേഷിയെയും, സമർപ്പണ മനോഭാവത്തെയുമാണ് പുരസ്കാര ജേതാക്കൾ പ്രതിഫലിപ്പിക്കുന്നതെന്ന് രാഷ്ട്രപതി ചടങ്ങിൽ പറഞ്ഞു.

(വോയിസ്...)

*****************************

## SC- NCDRC

ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ കേസുകൾ കെട്ടിക്കിടക്കുന്നതിൽ സുപ്രീം കോടതി ആശങ്ക രേഖപ്പെടുത്തി. കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി റീജിയണൽ, സർക്യൂട്ട് ബെഞ്ചുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാൻ കേന്ദ്ര

സർക്കാരിനോട് സുപ്രീം കോടതി ആവശ്യപ്പെട്ടു. സംസ്ഥാന-ജില്ലാ ഉപഭോക്തൃ കമ്മീഷനുകളുടെ പെർഫോമൻസ് ഓഡിറ്റ് നടത്താനും നിർദ്ദേശമുണ്ട്.

*****************************

## Resurge safe women safe kerala (INTRO)

സ്വാതന്ത്ര്യദിനാഘോഷത്തിൻറെ ഭാഗമായി സംസ്ഥാന വനിതാ ശിശു വികസന വകുപ്പ് സംഘടിപ്പിക്കുന്ന വനിതകളുടെ ഒത്തുചേരൽ നാളെ രാത്രി 9. 30 മുതൽ തിരുവനന്തപുരത്ത് നടക്കും. ഓഗസ്റ്റ് 15ന് പുലർച്ചെ 1 മണി വരെയാണ് പരിപാടി.

മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം നിർവഹിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്...**

**(വോയ്സ്)**

*****************************

## UNSC-RED FORT BLAST

ഡൽഹി ചുവപ്പ് കോട്ടയിൽ 11 പേരുടെ മരണത്തിന് ഇടയാക്കിയ കാർ ബോംബ് സ്ഫോടനത്തിന് പിന്നിൽ അൽ ഖ്വെയ്ദ അനുബന്ധ സംഘടനയെന്ന് യുഎൻ രക്ഷാസമിതി. കഴിഞ്ഞ നവംബറിൽ നടന്ന ആക്രമണത്തിന് പിന്നിൽ അൽ ഖ്വെയ്ദ ഉപസംഘടനയായ എ.ക്യു.ഐ.എസ് ആണെന്ന് രക്ഷാസമിതിയുടെ ഭീകരവാദ നിരീക്ഷണ സംഘം സമർപ്പിച്ച റിപ്പോർട്ടിൽ ആണ് ഔദ്യോഗികമായി സ്ഥിരീകരിച്ചത്. വികേന്ദ്രീകൃതമായ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക ഭീകരവാദ സംഘടനയായി എ.ക്യു.ഐ.എസ് വളർന്നുവരികയാണെന്നും, ബംഗ്ലാദേശിൽ സ്വാധീനമുറപ്പിക്കാൻ സംഘടന ശ്രമിക്കുന്നതായും റിപ്പോർട്ടിൽ പറയുന്നു.

*****************************

## FENCING-CHAMPIONSHIP

നൈജീരിയയിൽ നടന്ന കോമൺവെൽത്ത് ഫെൻസിംഗ് ചാമ്പ്യൻഷിപ്പിൽ 35 മെഡലുകളുമായി ഓവറോൾ കിരീടം നേടി ഇന്ത്യ. അണ്ടർ-23, സീനിയർ വിഭാഗങ്ങളിലായി 13 സ്വർണ്ണവും

8 വെള്ളിയും 14 വെങ്കലവുമാണ് ഇന്ത്യ സ്വന്തമാക്കിയത്. മികച്ച പ്രകടനം കാഴ്ചവെക്കുന്ന രാജ്യത്തിന് കോമൺവെൽത്ത് ഫെൻസിംഗ് ഫെഡറേഷൻ നൽകുന്ന 'വിൽകിൻസൺ സ്വോഡ് ട്രോഫിയും' ഇന്ത്യ കരസ്ഥമാക്കി.

******************************

## RAJASTHAN CABINET

രാജസ്ഥാനിൽ ഏകീകൃത സിവിൽ കോഡ് കരട് ബില്ലിന് മന്ത്രിസഭാ യോഗം അംഗീകാരം നൽകി. വിവാഹം, പിന്തുടർച്ചാവകാശം, ജീവനാംശം, ലിവിങ് ഇൻ ബന്ധങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഏകീകൃത വ്യവസ്ഥകൾ കൊണ്ടുവരാനാണ് നിർദ്ദിഷ്ട നിയമനിർമ്മാണം ലക്ഷ്യമിടുന്നത്. ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും ബില്ലിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

*****************************************************************************************